പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3132

03-04-2013 – ൽ മറുപടിയ്ക്ക്

യന്ത്രലോബികളുടെ ചൂഷണം

| ചോദ്യം | മറുപടി |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ. ജി.സുധാകരൻ<br>ശ്രീ.സി.കെ. സദാശിവൻ<br>ശ്രീ. എ.എം.ആരിഫ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കൊയ്ത്ത് യന്ത്രങ്ങളുടെ ദൗർലഭ്യം മൂലം കുട്ടനാട്ടിലെ ഏക്കറുകൾ വരുന്ന പാടശേഖരത്തെ നെല്ല് വീണു നശിക്കാനിടയായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) യന്ത്രങ്ങളുടെ ദൗർലഭ്യം ഉണ്ടാകുവാനിടയായ സാഹചര്യമെന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ : എങ്കിൽ വിശദാംശം നൽകുമോ; | (ബി) കൊയ്ത്തു യന്ത്രങ്ങളുടെ സഹായത്താൽ മാത്രമാണ് കുട്ടനാട്ടിൽ കൊയ്ത്തു നടക്കുന്നത്. മുൻ കൊല്ലങ്ങളിൽ സ്വകാര്യ മെഷീനുകൾ യഥാസമയം കൊയ്ത്തിനായി ഇറക്കിയിരുന്നതിനാൽ കൊയ്ത്ത് ഒരുവിധം സുഗമമായി നടന്നിരുന്നു. വാടക നിശ്ചയത്തിലെ ചില അപാകതകൾ ഇക്കൊല്ലം തുടക്കത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കിയിരുന്നു. കെയ്കോ ഉറപ്പു നൽകിയ മെഷീനുകൾ ഇറക്കാൻ കഴിയാതെ പോയതും പ്രശ്നം ഗുരുതരമാക്കി. |

| | | | |
|---|---|---|---|
| (സി) | ഈ സാഹചര്യം മുതലെടുത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവർ ഉൾപ്പെടെയുള്ള യന്ത്രലോബികൾ കർഷകരെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കാൻ സ്വീകരിച്ച നടപടി എന്തൊക്കെയായിരുന്നു? | (സി) | കുട്ടനാട് പാക്കേജിൽ കെയ്കോയുടെ കൈവശം ഉണ്ടായിരുന്ന 132 യന്ത്രങ്ങൾ യഥാസമയം അറ്റകുറ്റപണികൾ നടത്തി സീസൺ ആരംഭിച്ചപ്പോൾ തന്നെ ലഭ്യമാക്കുകയുണ്ടായി. കൂടാതെ. കുട്ടനാട്ടിലെ യന്ത്രങ്ങളുടെ ക്ഷാമം പരിഗണിച്ച് കെയ്കോയുടെ തൃശൂരും പാലക്കാടും യൂണിറ്റുകളിൽ നിന്നും ഏതാനും യന്ത്രങ്ങൾ കുട്ടനാട്ടിലേയ്ക്ക് കൊണ്ടുവരികയുണ്ടായി. യന്ത്രങ്ങളുടെ അഭാവം നികത്തുന്നതിനും പൂർണ്ണതോതിൽ ആവശ്യാനുസരണം പാടശേഖരങ്ങൾക്കു നൽകുന്നതിനും വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിന് ജില്ലാതലത്തിൽ ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശാനുസരണം ദ്രുത കർമ്മസേന രൂപീകരിക്കുകയും യഥാസമയം പരാതി പരിഹരിച്ച് വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ